(ബി) മാവേലിക്കര മണ്ഡലത്തിലെ വെട്ടികോട് ചാൽ നവീകരണം ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി എം.എൽ.എ.-യുടെ കത്ത് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഡി.റ്റി.ഡി.സി. സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് നൽകിയ അനുമതിയുടെ പകർപ്പും ഫയൽ നമ്പറും ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജകമണ്ഡലത്തിൽപ്പെട്ട വയ്യാങ്കര ചിറയിൽ ടൂറിസം വികസനത്തിനായി ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2,59,52,000 (രണ്ടു കോടി അൻപത്തി ഒൻപത് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ) അനുവദിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി-ഇ) ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ടൂറിസം വികസന സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ

327 (1025) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാളിതുവരെ വിനോദസഞ്ചാര വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഓരോ പ്രവൃത്തിക്കും എത്രയുകയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(സി) ഓരോ പ്രവൃത്തിയുടേയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ കരുമാടി മെറ്റ് ഹാൾട്ട് ടെർമിനൽ, തോട്ടപ്പള്ളി ഹൗസ് ബോട്ട് ടെർമിനൽ, തോട്ടപ്പള്ളി ബീച്ച് വികസനം എന്നിവ അമ്പലപ്പുഴ മണ്ഡലത്തിൽപ്പെടുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

ഇതിനു പുറമെ അമ്പലപ്പുഴ മണ്ഡലത്തിൽ കുഞ്ചൻനമ്പ്യാർ സ്മാരകത്തിലെ ഇന്റർപ്രട്ടേഷൻ സെന്ററിന്റെ നിർമ്മാണത്തിനും, ലാന്റ്സ്കേപ് ഡെവലപ്മെന്റിനുമുള്ള ഒരു പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി&സി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കുട്ടാടി മണ്ഡലത്തിലെ ലോകനാർകാവ്, പയംകുറ്റിമല ടൂറിസം പദ്ധതികൾ

328 (1026) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടാടി മണ്ഡലത്തിലെ ലോകനാർകാവ്, പയംകുറ്റിമല ടൂറിസം പദ്ധതികൾക്ക് നാളിതുവരെ ടൂറിസംവകുപ്പ് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പ്രവൃത്തികൾ കൂടുതലായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടാടി മണ്ഡലത്തിലെ ലോകനാർകാവ്, പയംകുറ്റിമല ടൂറിസം പദ്ധതികൾക്ക് അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. പയംകുറ്റിമല ടൂറിസം പദ്ധതി	-	15 ലക്ഷം രൂപ
2. ലോകനാർകാവ് പദ്ധതി	-	1 കോടി 25 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly